REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 05-05-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- NEET - യുജി മെഡിക്കൽ പ്രവേശന പരീക്ഷ അല്പസമയത്തിനകം തുടങ്ങും.
- മൂന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും.
- തിരുവനന്തപുരത്ത് അഞ്ചുതെങ്ങിലും പൂന്തുറയിലും ശക്തമായ കടലാക്രമണം.
- തൃശൂർ കോർപറേഷന്റെ ആദ്യ മേയറായിരുന്ന ജോസ് കാട്ടുക്കാരൻ അന്തരിച്ചു.
- മേള ആചാര്യൻ കേളത്ത് അരവിന്ദാക്ഷൻ മാരാർ തൃശ്ശൂരിൽ അന്തരിച്ചു.
- ISL ഫുട്ബോൾ കിരീടം മുംബൈ സിറ്റി FC-ക്ക്.

## വാർത്തകൾ വിശദമായി

NEET - യുജി മെഡിക്കൽ പ്രവേശന പരീക്ഷ അല്പസമയത്തിനകം തുടങ്ങും. ഉച്ചക്ക് രണ്ടു മുതൽ 5.20 വരെ ഇന്ത്യയിലെ 557 നഗരങ്ങളിലും 14 വിദേശ നഗരങ്ങളിലുമായാണ് പരീക്ഷ. 24 ലക്ഷത്തിലേറെ പേർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അഡ്മിറ്റ് കാർഡുകൾ കൈവശം ഉണ്ടെങ്കിൽ മാത്രമേ പരീക്ഷാർത്ഥികൾക്ക് സെന്ററുകളിൽ പ്രവേശനം അനുവദിക്കൂ. വിദ്യാർഥികൾ കൃത്യസമയത്ത് തന്നെ സെന്ററുകളിൽ റിപ്പോർട്ട് ചെയ്യണമെന്നും 1.30 നു ശേഷം ഒരു കാരണവശാലും പ്രവേശനം അനുവദിക്കില്ലെന്നും നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു.

✪✪✪

ജമ്മുകശ്മീരിലെ പൂഞ്ചിൽ വ്യോമസേനയുടെ വാഹനവ്യൂഹത്തിന് നേരെയുണ്ടായ ഭീകരാക്രമണത്തോട് ബന്ധപ്പെട്ട് ആറ് പ്രദേശവാസികളെ കസ്റ്റഡിയിലെടുത്തു. ആക്രമണത്തിൽ ഒരു ജവാൻ വീരമൃത്യു വരിക്കുകയും അഞ്ചു സൈനികർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. അതിർത്തി ജില്ലയായ പൂഞ്ചിലെ സുരൻകോട്ടയിൽ ഇന്നലെ വൈകിട്ടായിരുന്നു ആക്രമണം.

✪✪✪

പുനഃരുപയോഗ ഊർജ സ്രോതസ്സുകളുടെ വികസന സമിതിയായ IREDA യുടെ 16-ാമത് സ്റ്റേക്ക്ഹോൾഡേഴ്സ് പ്രവർത്തന യോഗം ന്യൂഡൽഹിയിലെ ഇന്ത്യ ഇന്റർനാഷണൽ സെന്ററിൽ സംഘടിപ്പിച്ചു. പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ വികസനത്തിനായി ഏറ്റെടുത്ത പ്രധാന സംരംഭങ്ങൾ മുൻകാല യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കൽ, ഭാവി പദ്ധതികൾ എന്നിവ യോഗം ചർച്ച ചെയ്തു.

✪✪✪

മൂന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. 93 സീറ്റുകളിൽ മറ്റന്നാളാണ് വോട്ടെടുപ്പ്. ഗോവയിലെയും ഗുജറാത്തിലെയും മുഴുവൻ സീറ്റുകളിലും കർണാടകയിൽ 14, മഹാരാഷ്ട്രയിൽ 11, ഉത്തർപ്രദേശിൽ 10, മധ്യപ്രദേശിൽ എട്ട്, ഛത്തീസ്ഗഢിൽ ഏഴ്, സീറ്റുകളിലുമാണ് ചൊവ്വാഴ്ച തെരഞ്ഞെടുപ്പ്. പ്രചാരണത്തിന്റെ സമാപന ദിവസം പ്രമുഖ ദേശീയ - സംസ്ഥാന നേതാക്കളെല്ലാം തന്നെ അവസാനവട്ട പ്രചാരണത്തിനെത്തും.

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഒഡീഷയിലെ ഭുവനേശ്വറിൽ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തും. നാളെ ബർഹാംപൂരിലും നവരംഗ്പൂരിലും തെരഞ്ഞെടുപ്പ് റാലികളിൽ അദ്ദേഹം പങ്കെടുക്കും.

അഞ്ചാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ പൂർത്തിയായി. നാളെക്കൂടി പത്രിക പിൻവലിക്കാം. ആറ് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്ര-ഭരണ പ്രദേശങ്ങളിലെയും 49 സീറ്റുകളിൽ ഈ മാസം 20-നാണ് വോട്ടെടുപ്പ്.

✪✪✪

ഇന്ന് ലോക ചിരി ദിനം. സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും ആഗോള അവബോധം വളർത്താനാണ് എല്ലാ വർഷവും മേയ് മാസത്തിലെ ആദ്യ ഞായറാഴ്ച ലോക ചിരി ദിനമായി ആചരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണത്തോടൊപ്പം നിരക്കും കൂട്ടാനെടുത്ത ഗവൺമെന്റ് തീരുമാനം ജനദ്രോഹമാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ കുറ്റപ്പെടുത്തി. ഈ മാസത്തെ ബില്ലിൽ യൂണിറ്റിന് 19 പൈസ സർചാർജ്ജ് ഈടാക്കുന്നത് ജനങ്ങളെ കൊള്ളയടിക്കുന്നതിന് തുല്യമാണെന്ന് സുരേന്ദ്രൻ പറഞ്ഞു. നിലവിൽ ഈടാക്കുന്ന ഒൻപത് പൈസയ്ക്ക് പുറമെയാണ് പത്ത് പൈസ അധിക സർചാർജ്ജ്. ഈ തീരുമാനം അംഗീകരിക്കാനാവില്ലെന്ന് സുരേന്ദ്രൻ വ്യക്തമാക്കി.

✪✪✪

സംസ്ഥാന നഴ്സസ് വാരാഘോഷത്തിന്റെ ഭാഗമായി നഴ്സസ് കലോത്സവം മന്ത്രി V.ശിവൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ഇന്ന് മുതൽ 12 വരെയാണ് ആഘോഷം സംഘടിപ്പിച്ചിരിക്കുന്നത്. ചലച്ചിത്ര സംവിധായകനും നടനുമായ മധുപാലും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

കേരളത്തിന്റെ നവോത്ഥാനത്തിൽ നിർണ്ണായക പങ്കുവഹിച്ച സാമൂഹിക പരിഷ്കർത്താവ് ചട്ടമ്പി സ്വാമികളുടെ നൂറാം മഹാസമാധി ദിനം ഇന്ന്.

മഹാസമാധി ശതാബ്ദി ആചരണത്തിന്റെ ഭാഗമായി മേയ് 8 വരെ സമ്മേളനങ്ങൾ, പുസ്തകപ്രകാശനം, കലാ- സാംസ്കാരിക പരിപാടികൾ ഉൾപ്പടെ വിവിധ പരിപാടികൾ കൊല്ലം പന്മന ആശ്രമത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ പകൽ താപനിലയിൽ ഇന്നലെ നേരിയ കുറവ് രേഖപ്പെടുത്തി. പാലക്കാട്, ഉയർന്ന താപനില 40 ൽ നിന്നും 39 ഡിഗ്രി സെൽഷ്യസായി കുറഞ്ഞു. തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കാസർക്കോട് ജില്ലകളിൽ നാളെ വരെ രണ്ടു മുതൽ നാല് ഡിഗ്രി

സെൽഷ്യസ് വരെ താപനില ഉയർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ഒരു ജില്ലയിലും ഉഷ്ണതരംഗ മുന്നറിയിപ്പില്ല.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്തും, തെക്കൻ തമിഴ്നാട് തീരത്തും ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം ഓറഞ്ച് അലർട്ട് നൽകി. ഒന്നര മീറ്റർ വരെ ഉയരത്തിൽ തിരമാലകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. രാത്രി പതിനൊന്നര വരെ അതിതീവ്ര തിരമാലകളും കടലാക്രമണ സാധ്യതയും ഉണ്ടെന്നും മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

അതേസമയം, ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം ജില്ലകളിൽ മഴ പെയ്തേക്കുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഴ സാധ്യതയുണ്ട്.

✪✪✪

സംസ്ഥാനത്ത് കനത്ത ചൂടും അമിത ഉപയോഗവും മൂലമുണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കാൻ KSEB പ്രത്യേക കൺട്രോൾ റൂം ഏർപ്പെടുത്തി. തിരുവനന്തപുരത്ത് വൈദ്യുതി ഭവനിലാണ് കൺട്രോൾ റൂം തുറന്നത്. ഫീഡറുകളിലെ ഓവർ ലോഡ്, സബ് സ്റ്റേഷനുകളിലെ ലോഡ് ക്രമീകരണം, എന്നിവ കൺട്രോൾ റൂമിൽ നിരീക്ഷിച്ച് പരിഹാര നടപടികൾ കൈക്കൊള്ളും.

✪✪✪

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് കടലാക്രമണം രൂക്ഷം. അഞ്ചു തെങ്ങിലും വിഴിഞ്ഞം പൂന്തുറയിലുമാണ് കടലാക്രമണം ഉണ്ടായത്. അഞ്ചു തെങ്ങിൽ ഒരു വീടിന് കേട് പാട് സംഭവിച്ചു. ശക്തമായ തിരമാല റോഡിലേക്ക് കയറുന്ന സാഹചര്യവും ഉണ്ടായി. മൂന്നു വീടുകളിൽ നിന്ന് ആളുകളെ ബന്ധു വീടുകളിലേക്ക് മാറ്റി പാർപ്പിച്ചിരിക്കുകയാണ്.

വിഴിഞ്ഞം പൂന്തുറ ഭാഗത്തുണ്ടായ കടലാക്രമണത്തിൽ ചില വീടുകളിൽ വെള്ളം കയറിയിട്ടുണ്ട്.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും തൃശൂർ കോർപറേഷന്റെ ആദ്യ മേയറുമായിരുന്ന ജോസ് കാട്ടുക്കാരൻ തൃശ്ശൂരിൽ അന്തരിച്ചു. 92 വയസ്സായിരുന്നു. മൃതദേഹം അരണാട്ടുകരയിലെ വീട്ടിൽ

പൊതുദർശനത്തിന് വെച്ചിരിക്കുകയാണ്. നാളെ DCC ഓഫിസിലും തൃശൂർ കോർപറേഷനിലും പൊതുദർശനത്തിന് ശേഷം അരണാട്ടുകര സെന്റ് തോമസ് പള്ളിയിൽ സംസ്കരിക്കും.

✪✪✪

മേള ആചാര്യൻ കേളത്ത് അരവിന്ദാക്ഷൻ മാരാർ തൃശ്ശൂരിൽ അന്തരിച്ചു. 83 വയസ്സായിരുന്നു. നാല് പതിറ്റാണ്ട് തൃശൂർ പൂരത്തിന്റെ ഭാഗമായിരുന്നു.

എൺപതാം വയസ്സിൽ വാർധക്യ സഹജമായ പ്രശ്നങ്ങളാൽ തൃശൂർ പൂരത്തിലെ മേളത്തിൽ നിന്നും സ്വയം പിൻവാങ്ങി. കേരള സംഗീത നാടക അക്കാദമി പുരസ്കാരം ഉൾപ്പടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

സംസ്കാരം വൈകിട്ട് പാറമേക്കാവ് ശാന്തിഘട്ടിൽ നടത്തും.

✪✪✪

കോഴിക്കോട് നിന്നും ബംഗലുരുവിലേക്ക് സർവീസ് തുടങ്ങിയ നവകേരള ബസിന്റെ വാതിൽ തുറന്നു കിടന്ന പ്രശ്നം പരിഹരിച്ചു. ബത്തേരിയിലെ പരിശോധനയിൽ ഓട്ടോമാറ്റിക് സ്വിച്ച് ഓണായി കിടന്നതാണ് പ്രശ്നമെന്ന് വ്യക്തമായതോടെ അത് പരിഹരിച്ച് യാത്ര തുടർന്നു. കോഴിക്കോട്ട് നിന്നും പുലർച്ചെ 4.20 ഓടെ യാത്ര ആരംഭിച്ച ബസ് ഉച്ചയോടെ ബംഗലുരുവിലെത്തും. തിരിച്ച് 2.30 ഓടെ മടങ്ങുന്ന ബസ് രാത്രി 10.30 ഓടെ കോഴിക്കോടെത്തും. 1,171 രൂപയാണ് ബംഗലുരു റൂട്ടിൽ ടിക്കറ്റ് നിരക്ക്.

✪✪✪

ISL ഫുട്ബോൾ കിരീടം മുംബൈ സിറ്റി FC-ക്ക്. കൊൽക്കത്തയിൽ മുംബൈ സിറ്റി, മോഹൻ ബഗാനെ ഒന്നിനെതിരെ മൂന്ന് ഗോളിനാണ് തോൽപ്പിച്ചത്. മുംബൈയുടെ രണ്ടാം ISL കിരീടമാണിത്.

ആദ്യ പകുതിയിൽ ലീഡ് നേടിയ ശേഷം മോഹൻ ബഗാൻ മൂന്നു ഗോൾ വഴങ്ങുകയായിരുന്നു.

മുംബൈയ്ക്കു വേണ്ടി ഹോർഹെ പെരേര ഡയസ്, ബിപിൻ സിങ്, ജാക്കൂബ് വോജുസ് എന്നിവരാണു ഗോൾ നേടിയത്. ജേസൻ കമ്മിൻസിസാണ് മോഹൻ ബഗാന്റെ ഗോൾ അടിച്ചത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30ന് ബംഗലൂരുവിൽ പഞ്ചാബ് കിങ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. ലക്നൗവിൽ വൈകിട്ട് 7.30ന് ലഖ്നൗ സൂപ്പർ ജയന്റ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും.

✪✪✪

മേള ആചാര്യൻ കേളത്ത് അരവിന്ദാക്ഷൻ മാരാർ തൃശ്ശൂരിൽ അന്തരിച്ചു. 83 വയസ്സായിരുന്നു. നാല് പതിറ്റാണ്ട് തൃശൂർ പൂരത്തിന്റെ മേള പ്രമാണിമാരിൽ പ്രമുഖനായിരുന്നു.

എൺപതാം വയസ്സിൽ വാർധക്യ സഹജമായ പ്രശ്നങ്ങളാൽ തൃശൂർ പൂരത്തിലെ മേളത്തിൽ നിന്നും സ്വയം പിൻവാങ്ങി. കേരള സംഗീത നാടക അക്കാദമി പുരസ്കാരം ഉൾപ്പടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

സംസ്കാരം വൈകിട്ട് പാറമേക്കാവ് ശാന്തിഘട്ടിൽ നടത്തും.

✪✪✪

പത്തനംതിട്ടയിൽ മറിഞ്ഞ ബൈക്കിലെ സഹയാത്രികനെ ഉപേക്ഷിച്ച് കടക്കാൻ ശ്രമിച്ച യുവാവിനെ നാട്ടുകാർ പൊലീസിന് കൈമാറി. അപകടത്തിൽ പരുക്കേറ്റ 17കാരൻ നെല്ലിക്കാല പ്ലാംകൂട്ടത്തിൽ സുധീഷ് മരിച്ചു.

ഇന്നലെ രാത്രി 9.15 നായിരുന്നു സംഭവം. ഇലന്തൂർ തുണ്ടഴം ജങ്ഷനിൽ ബൈക്ക് നിയന്ത്രണം വിട്ട് മറിയുകയായിരുന്നു. ബൈക്ക് ഓടിച്ചിരുന്ന സഹദിനെ പൊലീസ് അറസ്റ്റ് ചെയ്തു.

✪✪✪

ഇക്കൊല്ലത്തെ കേരള എൻജിനിയറിങ് - ഫാർമസി പ്രവേശന പരീക്ഷയുടെ പുതുക്കിയ സിലബസ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഹയർ സെക്കന്ററി സിലബസിൽ നിന്ന് ഒഴിവാക്കിയ ഭാഗങ്ങൾ പ്രവേശന പരീക്ഷാ സിലബസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

✪✪✪

വിദേശ മെഡിക്കൽ ബിരുദം എടുക്കുന്നവർക്ക് സംസ്ഥാനത്ത് ഇന്റേൺഷിപ്പിന് സ്റ്റൈപ്പന്റ് അനുവദിക്കാൻ ആകില്ലെന്ന് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

ഈ ആവശ്യം ഉന്നയിച്ച് വിദേശ മെഡിക്കൽ ബിരുദധാരികൾ കമ്മീഷന് പരാതി നൽകിയിരുന്നു.

✪✪✪

കോഴിക്കോട്  കൊയിലാണ്ടിയിൽ സജിനി എന്ന വയോധികയെ മകൾ അജ്ഞാത കേന്ദ്രത്തിലാക്കി മാനസികമായി പീഡിപ്പിക്കുകയാണെന്ന പരാതിയിൽ  മനുഷ്യാവകാശ കമ്മീഷൻ അന്വേഷണത്തിന് ഉത്തരവിട്ടു. വനിതാ - ശിശു വികസന ജില്ലാ ഓഫീസർ പരാതിയെ കുറിച്ച് അന്വേഷണം നടത്തി മൂന്നാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ K. ബൈജു നാഥ് ആവശ്യപ്പെട്ടു.

✪✪✪

കോഴിക്കോട്  കൊയിലാണ്ടിയിൽ സജിനി എന്ന വയോധികയെ മകൾ അജ്ഞാത കേന്ദ്രത്തിലാക്കി മാനസികമായി പീഡിപ്പിക്കുകയാണെന്ന പരാതിയിൽ  മനുഷ്യാവകാശ കമ്മീഷൻ അന്വേഷണത്തിന് ഉത്തരവിട്ടു. വനിതാ - ശിശു വികസന ജില്ലാ ഓഫീസർ പരാതിയെ കുറിച്ച് അന്വേഷണം നടത്തി മൂന്നാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ K. ബൈജു നാഥ് ആവശ്യപ്പെട്ടു.

✪✪✪

യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡണ്ടായി ആഷിക് ചെലവൂരിനെ തെരഞ്ഞെടുത്തു. നിലവിൽ യൂത്ത് ലീഗ് ദേശീയ കമ്മിറ്റി നിർവ്വാഹക സമിതിയംഗമാണ്.

✪✪✪

കനത്ത വേനൽചൂടിൽ സൂര്യാഘാതമേറ്റ് കോഴിക്കോട് ജില്ലയിൽ 26 പശുക്കളും മൂന്ന് എരുമകളും ചത്തതായി ജില്ലാ മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. ചത്ത കന്നുകാലികൾക്ക് 16,400 രൂപ വീതം ധനസഹായം നൽകാൻ വെള്ളിയാഴ്ച മന്ത്രി J.ചിഞ്ചുറാണി വിളിച്ചു ചേർത്ത ഓൺലൈൻ യോഗത്തിൽ തീരുമാനിച്ചിരുന്നു.

✪✪✪